QP CODE: 21101775

21101775

Reg No : ....................

Name : ....................

# B.A DEGREE (CBCS ) SUPPLEMENTARY REGULAR/ PRIVATE EXAMINATION, JULY 2021

## Fifth Semester

## CORE COURSE - ML5CRT07 - CHERUKADHA,NOVEL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

For Regular Candidates: 2018 Admission Only

For Private Candidates: 2017 & 2018 Admissions Only

76BEC33D

Time: 3 Hours Max. Marks : 80

***Instructions to Private candidates** only: This question paper contains two sections. Answer **SECTION I** questions in the answer-book provided. **SECTION II,** Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II***

## *SECTION I*

### Part A

*Answer any **ten** questions.*

*Each question carries **2** marks.*

1. “ആശാരിക്ക് തീണ്ടലില്ലാത്ത കാലമായോ?” സന്ദർഭം എന്ത്.?
2. കെ. സരസ്വതിയമ്മയുടെ കഥകളുടെ സവിശേഷതകൾ വിവരിക്കുക.
3. “ചിലന്തി വല കെട്ടുന്നത് സ്വന്തം ജീവിതത്തിനുവേണ്ടിയാണ്. വണ്ട് വരുന്നത് അത് നശിപ്പിക്കുവാനും”- ഇങ്ങനെ പറയാൻ കാരണമെന്ത്?
4. “പ്രാണിലോകത്തിൽ മാത്രമല്ല മനുഷ്യരുടെ ഇടയിലും ഇതാണല്ലോ ധർമ്മം”- സന്ദർഭം ഏത് ?
5. കഥാപാത്രനിരൂപണം ചെയ്യുക- ഓപ്പോൾ
6. “ഞാൻ യാത്രയാണല്ലോ”- എന്തു യാത്രയെക്കുറിച്ചാണ് ദൂതനോട് അച്ഛൻ പറയുന്നത്.
7. കഥാപാത്രം നിരൂപണം ചെയ്യുക.- നൂൽപ്പാലം കടക്കുന്നവർ എന്ന കഥയിലെ അമ്മ.
8. “എല്ലാവരുടെയും മുഖങ്ങളിൽ ഗൗരവവും കണ്ണുനീരിന്റെ ലേശം നനവും”- സൂചിതമെന്ത്?

9. ദിനോസറിന്റെ കുട്ടി എന്ന കഥയുടെ ആഖ്യാനശൈലി എപ്രകാരമാണ്.?

10. പ്രേതഭാഷണം എന്ന കഥയുടെ ഭാഷാശൈലി എപ്രകാരമാണ്.?

11. “നിങ്ങൾക്ക് വേറെ മുറി, വേറെ പാത്രം”- ആര് ആരോട് പറഞ്ഞു .

12. “നിന്റേം എന്റേം തന്തേടെ പേരിവനിടാം - ആദം” - ആര് ആരോട് പറയുന്നു.?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. ഇന്ദുലേഖയുടെ ഇതിവൃത്തഘടനയിലെ പഞ്ചസന്ധികൾ വിവരിക്കുക.

14. ആധുനികതയുടെ എന്തെല്ലാം പ്രത്യേകതകളാണ് ഖസാക്കിന്റെ ഇതിഹാസത്തിൽ പ്രകടമാകുന്നത്.

15. ഉറൂബിന്റെ നോവലുകളുടെ ഭാഷാപരമായ പ്രത്യേകതകൾ മിണ്ടാപ്പെണ്ണിനെ മുൻനിർത്തി വിവരിക്കുക.

16. “നമ്മുടെ  പർവ്വതങ്ങളൊക്കെ കീറിപ്പറിഞ്ഞുപോയി എന്ന് തിരിച്ചറിഞ്ഞല്ലോ”- വിശദീകരിക്കുക.

17. “ഒടുവിൽ വൈകുന്നേരം ശ്രീധരന്റെ വീട്ടിൽനിന്ന് മടങ്ങുമ്പോൾ കൃഷ്ണൻകുട്ടിക്ക് തോന്നി. താൻ പുതിയൊരു മനുഷ്യനായിരിക്കുന്നു”.- ഇങ്ങനെ ചിന്തിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു.?

18. ശകുനം എന്ന കഥ അനാവരണം ചെയ്യുന്ന സമകാലിക ജീവിതാവസ്ഥകൾ എന്തെല്ലാം ?

19. “വെള്ളം കോരുന്ന ബക്കറ്റിൽ ചിന്തിക്കാത്ത കാര്യങ്ങൾ പോലും ഫോട്ടോക്കോപ്പികളായി പത്രങ്ങളിൽ വരുന്നു”- മാദ്ധ്യമധർമ്മത്തിന്റെ പൊള്ളത്തരങ്ങൾ വി.കെ. എൻ. അവതരിപ്പിക്കുന്നതെങ്ങനെ ?

20. “അയാൾ ബദ്ധപ്പെട്ട് ആസ്പത്രിയിൽ വന്നെത്തിയപ്പോൾ ഒരു നേഴ്സ് അവളെ ഒരുക്കുകയായിരുന്നു”. - സന്ദർഭം ഏത് ? കാരണം എന്ത് ?

21. “എന്നാലും കന്യാകുമാരി കേരളത്തിലല്ലെന്ന് ആര് വിശ്വസിക്കും”- ആക്ഷേപഹാസ്യത്തിന്റെ തലങ്ങൾ എങ്ങനെയെല്ലാമാണ് സക്കറിയ അവതരിപ്പിച്ചിരിക്കുന്നതെന്ന് പരിശോധിക്കുക.

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. കീഴ്ജാതി വിഭാഗങ്ങൾക്ക് അധിനിവേശാധുനികത തുറന്നുകൊടുക്കുന്ന വിമോചകസാധ്യതകളെക്കുറിച്ച് അതിയായ പ്രതീക്ഷയും വിശ്വാസവുമാണ് നോവലിസ്റ്റ് ഉടനീളം പുലർത്തുന്നത്- 'സരസ്വതീവിജയ'ത്തെ ആസ്പദമാക്കി ഈ പ്രസ്താവന പരിശോധിക്കുക.

23. ചരിത്രത്തിന്റെ നെടുങ്കൻപാതകളിലൂടെയല്ല ഊടുവഴികളിലൂടെയാണ് ലൂസി സഞ്ചരിക്കുന്നത്. ഈ പ്രസ്താവന വിശകലനം ചെയ്യുക.

24. വിരസമായ വാർദ്ധക്യജീവിതത്തെ സന്തോഷപൂർണ്ണമാക്കാൻ ശ്രമിക്കുന്ന ജീവിതങ്ങളെയാണ് "മോതിരം" എന്ന കഥയിൽ കാരൂർ ചിത്രീകരിക്കുന്നത് - വിവരിക്കുക.

25. ദാമ്പത്യജീവിതത്തിലെ വിജയപരാജയങ്ങൾ ജുറാസിക് പാർക്ക് എന്ന കഥയിൽ എത്രമാത്രം പ്രകടമാണെന്ന് വിവരിക്കുക.

(2×15=30)